**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **09-10-2024 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ചിൻെറ തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നബാർഡ്-എൽ.ടി.ഐ.എഫ്. (ലോംഗ് ടേം ഇറിഗേഷൻ ഫണ്ട്)-ൽ ലഭ്യമാക്കിയ 34.9 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് നബാർഡിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2,3,5,6 റീച്ചുകളുടെ ബാലൻസ് പ്രവൃത്തിക്കായുള്ള 34.9 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന് നബാർഡിൽ (RIDF) നിന്നും അംഗീകാരം ലഭ്യമായിട്ടില്ല. |
| (ബി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 എന്നീ റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; നബാർഡിന്റെ അംഗീകാരം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് ഉൾപ്പെടെ പൂർത്തീകരിക്കാത്ത എല്ലാ ഭാഗങ്ങളുടെയും ബാലൻസ് പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് 34.9 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയത്. എന്നാൽ NABARD-ൽ നിന്നും അനുമതി ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ